**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 04.02.2015-ലെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ബഹു.നഗരകാര്യ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയും സന്നിഹിതനായിരുന്നു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 28.01.2015-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

**2.1 പദ്ധതി നിർവഹണ പുരോഗതി അവലോകനം**

സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കൂടി 2014-15 സാമ്പത്തിക വർഷം ഇതുവരെ ആകെ 2892.32 കോടി രൂപ ചെലവഴിച്ചു. ഇത് ചെലവിന്റെ 40 ശതമാനമാണ്. ഗ്രാമപഞ്ചായത്തുകൾ 1635.32 കോടി രൂപയാണ് ചെലവഴിച്ചത്. ഇത് 39.40 ശതമാനമാണ്. മുൻവർഷം ഇതേ കാലയളവിൽ ചെലവ് ശതമാനം 44.81 ആയിരുന്നു. ബ്ലോക്ക് പഞ്ചായത്തുകൾ 375.12 കോടി രൂപയും (61.56ശതമാനം മുൻവർഷം 48.42 ശതമാനം ആയിരുന്നു), ജില്ലാ പഞ്ചായത്തുകൾ 459.87 കോടി രൂപയും (34.87ശതമാനം മുൻവർഷം 36 ശതമാനം) ചെലവഴിച്ചു. മുനിസിപ്പാലിറ്റികൾ 246.74 കോടി രൂപയും (35.30ശതമാനം, മുൻ വർഷം 36.60 ശതമാനം), കോർപ്പറേഷനുകൾ 175.25 കോടി രൂപയും (27.50ശതമാനം, മുൻ വർഷം 26.50ശതമാനം) ആണ് ചെലവഴിച്ചത്.

വികസനഫണ്ടിനത്തിൽ ആകെ 2015.42 കോടി രൂപയും ഗ്രാമപഞ്ചായത്തുകൾ 1098.81 കോടിരൂപയും ബ്ലോക്ക് പഞ്ചായത്തുകൾ 311.65കോടി രൂപയും ജില്ലാ പഞ്ചായത്തുകൾ 298.63 കോടി രൂപയും മുനിസിപ്പാലിറ്റി 179.20 കോടി രൂപ കോർപ്പറേഷനുകൾ 127.13 കോടി രൂപയും ചെലവഴിച്ചതായും കാണപ്പെട്ടു.

**2.2** തിരുവനന്തപുരം കോർപ്പറേഷനിലെ പ്രത്യേക ഘടക പദ്ധതി അനുസരിച്ചുള്ള റോഡ് പ്രോജക്ടുകളുടെ സ്ഥല പരിശോധന ഇന്നു തന്നെ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറിയും പട്ടികജാതി വികസന ഓഫീസറും ചേർന്ന് നടത്തി നിർദ്ദിഷ്ട റോഡുകൾ പട്ടികജാതി കോളനികൾക്കുള്ളിലാണെങ്കിൽ അത് സംബന്ധിച്ച സർട്ടിഫിക്കറ്റ് വെറ്റിംഗ് ഓഫീസർക്ക് നൽകേണ്ടതാണെന്നും ഇനിയും തത്സംബന്ധമായി തർക്കങ്ങൾ ഉണ്ടെങ്കിൽ സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ച് തീരുമാനിച്ചു. കുടിവെള്ള പ്രോജക്ടുകളുടെ ഫീസിബിലിറ്റി സംബന്ധിച്ച് പട്ടികജാതി വികസന ഓഫീസർ സർട്ടിഫിക്കറ്റ് വെറ്റിംഗ് ഓഫീസർക്ക് നൽകേണ്ടതാണ്.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 തിരുവനന്തപുരം നഗരസഭ (ഫയൽ നം. 64948/ഡി.ബി.1/14/തസ്വഭവ)**

ഇ.എം.എസ് ഭവന പദ്ധതി പ്രകാരമുള്ള ആനുകൂല്യം ഉപയോഗിച്ച് 3 ഗഡുക്കളായി 180000 രൂപ കൈപ്പറ്റിയ ശ്രീമതി. ലത എസ്. ശ്രീ. അരുൺ കുമാർ എന്നിവർ യഥാക്രമം 71.69, 75.30 ചതുരശ്ര മീറ്റർ തറ വിസ്തൃതിയിൽ പണിത വീടുകൾക്ക് പ്രത്യേക കേസായി തറവിസ്തൃതിയുടെ ഉയർന്ന പരിധിയിൽ ഇളവ് അനുവദിച്ച് അവസാന ഗഡു നൽകുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 107432/ഡി.ഡി2/14/തസ്വഭവ)**

2014-15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ വഴിത്തല ആയുർവേദ ഡിസ്പെൻസറിക്ക് ഐ.പി. ബ്ലോക്ക് നിർമ്മാണം എന്ന പ്രോജക്ട് ബ്ലോക്ക് വിഹിതം പുറപ്പുഴ ഗ്രാമപഞ്ചായത്തിന് കൈമാറി സംയുക്ത പദ്ധതിയായി നടപ്പാക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത് (ബഹു.എം.എൽ.എ ശ്രീ. റ്റി.എ.അഹമ്മദ് കബീർ മുഖേന സമർപ്പിച്ചത്(ഫയൽ നം ഇ-109258//ഡി.ഡി2/15/തസ്വഭവ)**

വികലാംഗർക്ക് സൈഡ് വീലോടുകൂടിയ സ്ക്കൂട്ടർ വാങ്ങി നൽകാൻ നിലവിൽ അനുമതിയുള്ളതാണെന്ന് യോഗം നിരീക്ഷിച്ചു. പന്മന ഗ്രാമപഞ്ചായത്തും വെള്ളത്തൂവൽ ഗ്രാമ പഞ്ചായത്തും ഈ നിരീക്ഷണം ശ്രദ്ധിക്കേണ്ടതാണെന്നും നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 രാമനാട്ടുകര ഗ്രാമപഞ്ചായത്ത് (ഫയൽനം. 1266/ഡി.ബി2/15/തസ്വഭവ)**

2014-15 വാർഷിക പദ്ധതിയിൽ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും പാലിച്ച് ബഹുവർഷ പദ്ധതി രൂപീകരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനത്തിന് സ്വാതന്ത്ര്യമുണ്ടെന്നും കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ആവശ്യമില്ലെന്നും യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 അകലക്കുന്നം ഗ്രാമപഞ്ചായത്ത് (ഫയൽ നം 84433/ഡി.എ1/14/തസ്വഭവ)**

മിൽമയിൽ പാൽ അളക്കാത്ത ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ്സിഡി ആനുകൂല്യം ലഭിക്കുന്നതിന് മുൻ തീരുമാനത്തിൽ മാറ്റം വരുത്തണമെന്ന ആവശ്യത്തിന്മേൽ ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ റിമാർക്സ് ലഭിച്ചശേഷം ചർച്ച ചെയ്യാനായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

**3.6 വെളിയാമറ്റം ഗ്രാമപഞ്ചായത്ത് (ഫയൽ നം 37266/ഡി.എ2/14/തസ്വഭവ)**
**(ബഹു. എം.എൽ.എ ശ്രീ. സി. മോയിൻകുട്ടി എം.എൽ.എ മുഖാന്തിരം)**

ഭവന പുനരുദ്ധാരണത്തിനും സാനിട്ടറി യൂണിറ്റിനും പട്ടികജാതി/പട്ടികവർഗ വകുപ്പുകളും തദ്ദേശസ്വയംഭരണ വകുപ്പും നൽകി വരുന്ന സഹായത്തിന്റെ തോത് ഏകീകരിക്കണമെന്ന ആവശ്യം ഉന്നത തലങ്ങളിൽ ചർച്ച ചെയ്യേണ്ടതായതിനാൽ മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 ഷൊർണ്ണൂർ നഗരസഭ (ഫയൽ നം ഇ-97095/ഡി.എ3/14/തസ്വഭവ)**

2012-13 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികളുടെ ബിൽ തുക 2015-16 വർഷത്തെ സ്പിൽ ഓവർ ലിസ്റ്റിൽ ഉൾപ്പെടുത്തി അനുവദിക്കണമെന്ന ആവശ്യം വകുപ്പുതല പരിശോധനയ്ക്ക് വിടുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 വയനാട് ജില്ലാപഞ്ചായത്ത് (ഫയൽ നം 51654/ഡി.ബി3/14/തസ്വഭവ)**

സ്വകാര്യ സ്ഥാപനമായതിനാൽ ജി.ജി. കളരി സംഘത്തിന് ധനസഹായം നൽകേണ്ടതില്ലെന്നും എന്നാൽ പട്ടികവർഗ വിദ്യാർത്ഥികൾക്ക് കളരി പഠനത്തിന് ആനുപാതികമായി ഫീസിനത്തിൽ തുക നൽകാവുന്നതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 മലപ്പുറം ജില്ലാപഞ്ചായത്ത് (ഫയൽ നം 61833/ഡി.ബി3/14/തസ്വഭവ)**

2014-15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 3 ഗവൺമെന്റ് സ്കൂളുകൾക്ക് 15 ലക്ഷം രൂപ വീതം മൊത്തം 45 ലക്ഷം രൂപ വകയിരുത്തി 3 ബസ്സ് വാങ്ങി നൽകുന്നതിന് പ്രത്യേക കേസായി അംഗീകാരം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം 112484/ഡി.ഡി2/15/തസ്വഭവ)**

പ്രോജക്ടുകൾ വീണ്ടും ഭേദഗതി ചെയ്യാൻ തദ്ദേശഭരണ സ്ഥാപനങ്ങളെ അനുവദിച്ച് 28.01.2015-ൽ തീരുമാനമെടുത്തിട്ടുള്ളതിനാൽ നിർദ്ദിഷ്ട പ്രോജക്ട് ഭേദഗതിക്ക് പ്രത്യേക അനുമതി ആവശ്യമില്ലെന്ന് യോഗം നിരിക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 വടകര ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം ഇ-112526 /ഡി.ഡി2/15/തസ്വഭവ)**

വടകര ബ്ലോക്ക് പഞ്ചായത്തിന്റെ കാർഷിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി 4 ഗ്രാമപഞ്ചായത്തുകളിൽ കർഷക ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രോഗ്രസ് വടകര എന്ന പേരിൽ സമഗ്ര കാർഷിക പ്രോജക്ട് നടപ്പിലാക്കാൻ പ്രത്യേക അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 ളാലം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം ഇ-112496//ഡി.ഡി2/14/തസ്വഭവ)**

2014-15 വാർഷിക പദ്ധതിയിലുൾപ്പെടുത്തി 1580000 രൂപ ചെലവിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 14064/ഡിഡി2/2014/തസ്വഭവ)**

2014–15 വാർഷിക പദ്ധതിയിലുൾപ്പെടുത്തി മംഗലപുരം ജംഗ്ഷനിൽ നിലവിലുള്ള റ്റി.വി കിയോസ്കിൽ ടൈൽസ് പാകി അനുബന്ധ സൗകര്യങ്ങളോടു കൂടി ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മിക്കുന്ന പ്രോജക്ടിനെ സംബന്ധിച്ചിടത്തോളം നിലവിലെ സർക്കാർ മാനദണ്ഡങ്ങളും മാർഗനിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്ത് (ഫയൽ നം. 68452/ഡിബി/14/തസ്വഭവ)**

പഞ്ചായത്ത് നടപ്പിലാക്കുന്ന ക്ഷീരാമൃതം പദ്ധതിയിൽ കർഷകരുടെ ഭവനങ്ങളിൽ നിന്ന് പാൽ സംഭരിക്കുന്നതിനായി ഒരു ത്രീ /ഫോർ വീൽ വാഹനം വാങ്ങുന്നതിന് അനുമതി നൽകണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.117287/ഡിഡി2/15/തസ്വഭവ)**

മുപ്പത്തടത്ത് ഗ്രാമവികസന വകുപ്പിന്റെ സ്ഥലത്ത് പണി പൂർത്തിയാക്കിയ കെട്ടിടത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന വനിത കമ്പ്യൂട്ടർ പരിശീലനകേന്ദ്രത്തിന് 2013–14 വാർഷിക പദ്ധതിയിൽ 10 ലക്ഷം രൂപ ചെലവിൽ കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും വാങ്ങുന്ന തിന് അനുമതി നൽകണമെന്ന ആവശ്യം 09.07.2014–ലെ കോഓർഡിനേഷൻ കമ്മിറ്റിയോഗം ഇനം 3.1 പ്രകാരം നിരസിച്ചിട്ടുള്ളതാണെന്നും അതിനാൽ മുൻ തീരുമാനത്തിൽ ഭേദഗതി വരുത്തേണ്ടതില്ലെന്നും യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.116774/ഡിഡി2/15/തസ്വഭവ)**

പ്രോജക്ടുകൾ വീണ്ടും ഭേദഗതി ചെയ്യാൻ തദ്ദേശഭരണ സ്ഥാപനങ്ങളെ അനുവദിച്ച് 28.01.2015–ൽ തീരുമാനമെടുത്തിട്ടുള്ളതിനാൽ നിർദ്ദിഷ്ട പ്രോജക്ട് ഭേദഗതിക്ക് പ്രത്യേക അനുമതി ആവശ്യമില്ലെന്ന് യോഗം നിരിക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 പാലക്കാട് ജില്ലാപഞ്ചായത്ത്**

പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്ന ദേശീയ വികലാംഗ പുനരധിവാസ പദ്ധതി ആസൂത്രണ മാർഗരേഖയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ആവശ്യം പരിശോധിച്ചു. കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കിയ സംയോജിത വികലാംഗ പുനരധിവാസ പദ്ധതി പാലക്കാട്ടും മറ്റു ജില്ലകളിലും നടപ്പിലാക്കാൻ കഴിയുമോ എന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് നൽകാൻ കിലയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 കണ്ണൂർ ജില്ലാപഞ്ചായത്ത്**

പ്രോജക്ടുകൾ വീണ്ടും ഭേദഗതി ചെയ്യാൻ തദ്ദേശഭരണ സ്ഥാപനങ്ങളെ അനുവദിച്ച് 28.01.2015–ൽ തീരുമാനമെടുത്തിട്ടുള്ളതിനാൽ നിർദ്ദിഷ്ട പ്രോജക്ട് ഭേദഗതിക്ക് പ്രത്യേക അനുമതി ആവശ്യമില്ലെന്ന് യോഗം നിരിക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 തിരുവനന്തപുരം ജില്ലാപഞ്ചായത്ത്**

സാമ്പത്തിക വർഷാവസാനം ഡിപ്പോസിറ്റ് നൽകുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതിനാൽ തിരുവനന്തപുരം ഗവ. ആയുർവേദ മെഡിക്കൽ കോളേജിലെ ജില്ലാ പഞ്ചായത്തിന്റെ ഡിപ്പോസിറ്റിംഗ് ഏജൻസി ആക്കണമെന്ന ആവശ്യം നിരസിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 തിരുവനന്തപുരം ജില്ലാപഞ്ചായത്ത്**

സാമ്പത്തിക വർഷാവസാനം ഡിപ്പോസിറ്റ് നൽകുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതിനാൽ തിരുവനന്തപുരം ആർ,സി.സി.യെ ജില്ലാ പഞ്ചായത്തിന്റെ ഡിപ്പോസിറ്റിംഗ് ഏജൻസി ആക്കണമെന്ന ആവശ്യം നിരസിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 തിരുവനന്തപുരം ജില്ലാപഞ്ചായത്ത്**

2014-15 വാർഷിക പദ്ധതിയിൽ തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജ് മുഖേന നടപ്പിലാക്കാൻ ഉൾപ്പെടുത്തിയിരുന്ന പക്ഷാഘാത രോഗികൾക്ക് ആയുർവേദ ചികിത്സ എന്ന പ്രോജക്ട്, ഗവ.ആയുർവേദ മെഡിക്കൽ കോളേജ്, ജില്ലാ പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്നതല്ല എന്ന കാരണത്താൽ ജില്ലാ ആസൂത്രണ സമിതിയും സംസ്ഥാന അപ്പലേറ്റ് കമ്മിറ്റി നിരസിച്ചതിനാൽ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത്**

വികലാംഗർക്ക് സൈഡ് വീലോടുകൂടിയ സ്ക്കൂട്ടർ വാങ്ങി നൽകാൻ നിലവിൽ അനുമതിയുള്ളതാണെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**

ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ കോഴഞ്ചേരി അഗ്രിഹോൾട്ടി സൊസൈറ്റി, ഗ്രാമപഞ്ചായത്തുകൾ, കൃഷി വകുപ്പ്, ഇതര സംഘടനകൾ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിൽ വച്ച് നടത്തുന്ന പുഷ്പമേളയോടനുബന്ധിച്ച് ജില്ലാപഞ്ചായത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന ശ്രേഷ്ഠ ഭാഷ മലയാളം തുടങ്ങിയ 5 പ്രോജക്ടുകൾ ഉത്പാദനപരമല്ലാത്തതിനാൽ അംഗീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**

2014-15 വാർഷിക പദ്ധതിയിൽ ജലനിർഗമന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി തോടിന് ആഴം കൂട്ടുന്ന പ്രോജക്ടുകൾ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുന്നതിന് അനുമതി ഉള്ളതിനാൽ അത് പ്രകാരം നിർവഹണം നടത്താൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത്**

ഓരോ പ്രോജക്ടിന്റെയും അടങ്കൽ തുക 5 ലക്ഷം രൂപയാകുന്നതിനുവേണ്ടി ഒന്നിലേറെ റോഡ് പ്രവൃത്തികൾ കൂട്ടിച്ചേർക്കാവുന്നതല്ലെന്നും, എന്നാൽ പാടശേഖരങ്ങളിലേയ്ക്ക് വെള്ളം പമ്പു ചെയ്യുന്നതിനും ചാലുകൾ, ബണ്ടുകൾ, മോട്ടോർ, മോട്ടോർഷെഡ്, പെട്ടി, പറ, സ്ലൂയിസ്, റാമ്പ് തുടങ്ങിയ വിവിധ പ്രവൃത്തികൾ ഒരു പ്രവൃത്തി എന്ന നിലയിൽ സംയോജിപ്പിച്ച് 5 ലക്ഷം രൂപ അടങ്കൽ എന്ന നിലയിൽ തയ്യാറാക്കിയ പ്രോജക്ടുകൾ ഉത്പാദന വർദ്ധനവിന് ഉതകുന്നതിനാൽ 10% ഗുണഭോക്തൃ വിഹിതം സഹിതം നടപ്പാക്കാവുന്നതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്**

2014–15 വാർഷിക പദ്ധതിയിലെ "പൂങ്കോട് നീന്തൽ പരിശീലന കേന്ദ്രം തുടർ പരിപാലനം" എന്ന പുതിയ പ്രോജക്ട് തനത് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാൻ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 കോട്ടയം ജില്ലാ പഞ്ചായത്ത്**

സോളാർ വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് പ്രത്യേക അനുവാദം നൽകണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 പയ്യാവൂർ ഗ്രാമപഞ്ചായത്ത്**

പഞ്ചായത്തിലെ ചീത്തപ്പാറ പണിയ കോളനിയിൽ 2008–09ൽ ഐ.എ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തിയ മൂന്ന് വീടുകളും പഞ്ചായത്തിൽ നിന്ന് അനുവദിച്ച ഒരു വീടും ഉൾപ്പെടെ നാലു വീടുകളുടെ പണി പൂർത്തിയാകാത്തതിനാൽ നിർമ്മിച്ച ഭാഗം പൊളിച്ചു നീക്കി പുതുക്കി പണിയുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം രാവിലെ 9.15 മണിക്ക് അവസാനിച്ചു)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 2015 ഫെബ്രുവരി 11.02.2015.ന് രാവിലെ 8 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതിന് തീരുമാനിച്ചു.***